"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ -കാഞ്ഞങ്ങാട് നെഹ്റു ആർട്സ് & സയൻസ് കോളേജിൽ നിന്നും വിരമിച്ച ശ്രീ. കെ. ജോസഫ് മൈക്കിളിന്റെ പെൻഷൻ പെയ്മെന്റ് ഓർഡറിൽ മാനസിക വൈകല്യമുള്ള മകൻ ശ്രീ. സിബി ജോസഫ് മൈക്കിളിന് ഫാമിലി പെൻഷൻ സ്വീകരിക്കുന്നതിനായി രക്ഷിതാവിനെ നിശ്ചയിച്ച ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.861/2025/HEDN തീയതി,തിരുവനന്തപുരം, 04-07-2025

---

പരാമർശം:- 1. 02.12.2023-ലെ സ.ഉ.(സാധാ) നം. 1733/2023/ ഉവിവ നമ്പർ ഉത്തരവ്

2. 31.03.2025-ലെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ M3/14817/2022/DCE നമ്പർ കത്ത്

**ഉത്തരവ്**

കാഞ്ഞങ്ങാട് നെഹ്റു ആർട്സ് & സയൻസ് കോളേജിൽ നിന്നും 30.06.1996-ൽ വിരമിച്ച ശ്രീ. കെ. ജോസഫ് മൈക്കിളിന്റെ പെൻഷൻ പെയ്മെന്റ് ഓർഡറിൽ മാനസിക വൈകല്യമുള്ള മകൻ ശ്രീ. സിബി ജോസഫ് മൈക്കിളിനെ ഫാമിലി പെൻഷൻ നോമിനിയായി ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷയിന്മേൽ പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. എന്നാൽ ടി ഉത്തരവിൽ രക്ഷിതാവായി നോമിനേറ്റ് ചെയ്യപ്പെട്ട ശ്രീ. സന്ദീപ് തോമസ് മൈക്കിളിന്റെ പേര് ശ്രീ. സന്ദീപ് ജോസഫ് മൈക്കിൾ എന്ന് തെറ്റായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നും ആയത് തിരുത്തൽ വരുത്തി ഉത്തരവാകണമെന്നും പരാമർശം (2) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിലെ രക്ഷിതാവായി നോമിനേറ്റ് ചെയ്യപ്പെട്ട വ്യക്തിയുടെ പേര് ശ്രീ. സന്ദീപ് തോമസ് മൈക്കിൾ എന്ന് തിരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശം (1) ഉത്തരവിലെ മറ്റ് നിബന്ധനകൾ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJESH K R**

അണ്ടർ സെക്രട്ടറി

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരവനന്തപുരം (15/12/2008-ലെ സ.ഉ.(അ)നം553/2008/ധന പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിനായി)
2. കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3. പ്രിൻസിപ്പാൾ, നെഹ്റു ആർട്സ് & സയൻസ് കോളേജ്, കാഞ്ഞങ്ങാട്
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ് (28.01.2023-ലെ 2306804-എഡ്യൂ-സി5/127/2022/ധന പ്രകാരം
6. www.highereducation.kerala.gov.in
7. കരുതൽ പകർപ്പ് (ഡി2/443/2022/ഉവിവ)

ഉത്തരവിൻ പ്രകാരം

Signed by
Rahmathunnisa Chenatukuzhiyan
Date: 04-07-2025 17:33:54
സെക്ഷൻ ഓഫീസർ